# ഉത്തമസമുദായത്തിലെ അംഗങ്ങളായിത്തീരാൻ പരിശ്രമിക്കുക.

كُنتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ
بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنكَرِ وَتُؤْمِنُونَ بِاللَّهِ ۗ
وَلَوْ آمَنَ أَهْلُ الْكِتَابِ لَكَانَ خَيْرًا لَّهُم ۚ
مِّنْهُمُ الْمُؤْمِنُونَ وَأَكْثَرُهُمُ الْفَاسِقُونَ ﴿١١١﴾

മനുഷ്യവംശത്തിന്റെ നൻമക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉത്കൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദ്ദേശിക്കുകയും ചീത്ത കാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. ഗ്രന്ഥാനുസാരികൾ വിശ്വസിച്ചിരുന്നുവെങ്കിൽ അവർക്കത് ഗുണകരമായേനെ. അവരിൽ വിശ്വാസികളായ ചിലരുണ്ട്. പക്ഷെ അവരിൽ അധികം പേരും ധിക്കാരികളാണ്.

നിങ്ങൾ ശ്രവിച്ച ആയത്ത് ഇതിന് മുമ്പായും പലപ്രാവശ്യം ഞാൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ഇത് കൂടെക്കൂടെ പ്രതിപാദിക്കേണ്ട, ഓർമ്മപ്പെടുത്തേണ്ട വിഷയമാണ്, ഉപദേശമാണ്. വിവിധ വീക്ഷണത്തിൽ ഇത് പ്രതിപാദിക്കാറുണ്ട്. വിശ്വാസികൾ, വെറും വിശ്വസിക്കുന്നു എന്ന് വാദിക്കുന്നവരല്ല. മറിച്ച് തങ്ങളുടെ ഈമാനെ സംരക്ഷിക്കുന്നവരാണ്. തങ്ങളുടെ ഈമാനെ സംരക്ഷിച്ച്കൊണ്ട് അതിനെ പരിപോഷിപ്പിക്കുന്നവരാണ്. അതോടൊപ്പം തന്നെ തങ്ങളുടെ തലമുറയുടെ ഈമാനിക സംരക്ഷണത്തിനും അതിന്റെ ദൃഢീകരണത്തിനുംവേണ്ടി പരിശ്രമിക്കുന്നവരായിരിക്കും. തങ്ങളുടെയും തങ്ങളുടെ കുടുംബാദികളുടെ ഈമാനിനെ സംരക്ഷിക്കുന്നവർ മാത്രമായിരിക്കുകയില്ല, മറിച്ച് തങ്ങളുടെ ചുറ്റുപാടിലെ വിവിധ മതസ്ഥരെയും, മതനിരാസത്തിലകപ്പെട്ടവരേയും അല്ലാഹുവിനുവേണ്ടി അവർ നന്മ ചെയ്യുന്നവരായിത്തീരുവാൻ ഉപദേശിക്കുന്നവരായിരിക്കും.അല്ലാഹു ഒരു വലിയ ഉത്തരവാദിത്തമാണ് ഈ ആയത്ത് മുഖേന മുഅ്മിനീങ്ങളിൽ നിക്ഷിപ്തമായിരിക്കുന്നത്. തിരുനബി ﷺ യുടെ സത്യസന്ധനായ ദാസനും പ്രേമിയുമായ ഇമാം മഹ്ദി عليه السلام നെ ഇക്കാലഘട്ടത്തിൽ ഇമാം മഹ്ദിയായി അംഗീകരിച്ചുകൊണ്ട് അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് വാദിക്കുന്ന മുഅ്മിനീങ്ങളിൽ- വിശുദ്ധ ഖുർആന്റെ, നബിതിരുമേനി യുടെ അധ്യാപനങ്ങളെ, ഉപദേശങ്ങളെ തങ്ങളുടെ മുമ്പാകെ എപ്പോഴും വെച്ചിരിക്കുന്ന ആദ്യനൂറ്റാണ്ടിലെ മുസ്‌ലിംങ്ങളെപോലെ- അവർ ഖുർആനിക ശരീഅത്ത് എപ്പോഴും തങ്ങളിൽ പ്രാവർത്തികമാക്കി. അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കുന്നവരായിത്തീരാൻ, ഈ പരിശ്രമത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ വിജയം വരിക്കുകയും ചെയ്തു. അപ്പോൾ ഇന്ന് വിശുദ്ധ ഖുർആനിൽ, തിരുദൂതർ ﷺ യിൽ പരിപൂർണ്ണ വിശ്വാസം കൈകൊണ്ടിരിക്കുന്നുവെന്ന് വാദിക്കുന്ന അഹ്മദികളുടെ ഉത്തരവാദിത്തമാണ്- നാം വിശുദ്ധ ഖുർആന്റെ അധ്യാപനം നമ്മിൽ നിലനാട്ടി, വിപ്ലവാത്മകമായ ഒരു മാറ്റം നമ്മിൽ ഉളവാക്കിയെടുക്കുവാൻ മസീഹ് മൗഊദ് عليه السلام ൽ ബൈഅത്ത് ചെയ്തിരിക്കുന്നു. അപ്പോൾ നാം ഏതുവരെ ഉത്തമസമുദായം ആകുന്നു എന്ന് പരിശോധിക്കുക. മനുഷ്യവംശത്തിന് പ്രയോജനകരമായിത്തീരാൻ എന്ത് വേദനയാണ് നമ്മിൽ നിലകൊള്ളുന്നത്. സംസാരത്തിനനുസൃതമായ പ്രവർത്തനങ്ങൾ മുഖേന എത്രമാത്രം നാം നന്മകളെകുറിച്ച് ഉപദേശിക്കുന്നുണ്ട്. നമ്മുടെ പ്രവർത്തനങ്ങളും ഉപദേശങ്ങളും മുഖേന ലോകരെ തിന്മയിൽ നിന്നും രക്ഷപ്പെടുത്തുവാൻ എന്ത് പരിശ്രമമാണ് നടത്തുന്നത്. ഈ ആത്മപരിശോധന സ്വയംകൃത മാനദണ്ഢം മുൻനിർത്തിയല്ല നാം ചെയ്യേണ്ടത്. മറിച്ച് തിരുനബി ﷺ നമുക്കായി നമ്മുടെ മുമ്പാകെ സമർപ്പിച്ചിട്ടുള്ള മാനദണ്ഢത്തിന്റെ അടിസ്ഥാനത്തിലാണ് നിലവാരം നിർണ്ണയിക്കേണ്ടത്.ഇത് സംബന്ധമായി ഞാൻ പിന്നീട് പറയുന്നതായിരിക്കും. അപ്പോൾ ഏത്വരെ നാം ഒരാത്മ പരിശോധന നടത്തി നമ്മിൽ ഒരു പരിശുദ്ധമാറ്റം ഉളവാക്കിയെടുക്കാൻ പിരശ്രമിക്കുന്നുവോ അപ്പോൾ നാം പരിശുദ്ധിയുടെ മാർഗ്ഗത്തിൽ ചരിക്കുന്നവരായിരിക്കും.إِنْ شَاءَ اللهُ സ്വയംകൃത മാനദണ്ഢങ്ങൾ തങ്ങൾക്കായി നിർണ്ണയിക്കുമ്പോഴാണ് സമൂഹങ്ങൾ അപചയത്തിലേക്ക് പോകുവാൻ തുടങ്ങുന്നത്. ആഗ്രഹാഭിലാഷങ്ങളിൽ കുടുങ്ങി, തങ്ങളുടെ ജീവിത ലക്ഷ്യം വിസ്മരിക്കുമ്പോൾ.

വിശുദ്ധ ഖുർആൻ മുൻകാല നബിമാരുടെ വൃത്താന്തങ്ങൾ നമുക്ക് പറഞ്ഞ് തന്ന്കൊണ്ട് നമ്മുടെ ശ്രദ്ധയെ ക്ഷണിക്കുന്നുണ്ട്. മുൻകാല സമൂഹങ്ങൾ തങ്ങളുടെ അധ്യാപനങ്ങളെ വിസ്മരിച്ച് തങ്ങളുടെ ജീവിതലക്ഷ്യത്തിൽ നിന്നും മുഖം തിരിച്ചപ്പോൾ ഒന്നുകിൽ അവർ നാശോന്മുഖമായി, അതല്ലെങ്കിൽ യഥാർത്ഥ അധ്യാപനങ്ങളുടെ സ്ഥാനത്ത് ബിദ്അത്തുകളും, അനാചാരങ്ങളും സ്ഥാനം പിടിക്കുന്ന നിലയിൽ അവർ അധഃപതിച്ചു. ഇത് യഥാർത്ഥത്തിൽ ധാർമ്മിക, ആത്മീയ നാശമാണ്- തിന്മകൾ അവരുടെ ദൃഷ്ടിയിൽ നന്മകളായിത്തീർന്നു. പരിശുദ്ധിയും ലജ്ജയും അവരുടെ ദൃഷ്ടിയിൽ നിരർത്ഥകമായ അധ്യാപനങ്ങളായിത്തീർന്നു. മതത്തിന്റെ സ്വന്തമായ വിശദീകരണങ്ങൾ ഉടലെടുത്തു. പൂർണ്ണമായും അവരുടെ പ്രവാചകൻമാരുടെ അധ്യാപനങ്ങളെ മാറ്റിമറിച്ചു. തന്താങ്ങളുടെ വീക്ഷണങ്ങൾ തൽസ്ഥാനത്ത് പ്രതിഷ്ഠിക്കുവാൻ തുടങ്ങി. എന്നിട്ട് അത് പ്രവാചകൻമാരിലേക്ക് തിരിക്കുന്നു. തൽഫലമായി അവരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധിയും അവശേഷിച്ചില്ല. നബിമാരുടെയും. അങ്ങിനെ ആത്മീയമായി അവർ മൃതരായി. ഇന്ന് നിങ്ങൾ നോക്കുക. ഈ പാശ്ചാത്യലോകത്ത് വസിക്കുന്നവരുടെ അവസ്ഥ ഇതായിത്തീർന്നിരിക്കുന്നു. അത്പോലെതന്നെ ഇസ്‌ലാമിന്റെ മുമ്പുള്ള മതങ്ങളുമായി തങ്ങളെ ബന്ധപ്പെടുത്തുന്ന ഇതരരുടെയും അവസ്ഥ ഇത് തന്നെയാണ്.

അല്ലാഹു അവന്റെ വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ ഈ അവസാന ശരീഅത്തീഗ്രന്ഥത്തെ സംരക്ഷിച്ചു എന്നത് മുസ്‌ലിംകളുടെ മേലുള്ള അവന്റെ വലിയ ഔദാര്യമാണ്. ***ഇസ്‌ലാമും ദീനുമൊന്നും അവശേഷിച്ചില്ല***. എന്ന മസീഹ് മൗഊദ് عليه السلام ആഗമനത്തിന് മുമ്പുള്ള അവസ്ഥ വിവരിച്ച്കൊണ്ട് ആരോ എഴുതിയത് പോലുള്ള അവസ്ഥയാണെങ്കിലും എപ്പോഴും തന്നെ വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്ന ഒരു വിഭാഗം എന്നുമുണ്ടായിരുന്നു. അതിനെ സംരക്ഷിച്ചുപോന്നു. പിന്നീട് അവസാനകാലത്ത് അല്ലാഹു അവന്റെ വാഗ്ദത്തപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ നിയോഗിച്ചു. ഇന്ന് നാമെല്ലാ അഹ്മദികളും ഈ മസീഹ് മൗഊദ് عليه السلام നെ അംഗീകരിക്കുന്നു എന്ന് വാദിക്കുന്നവരാണ്, ഈമാനെ സുരയ്യായിൽ നിന്ന് ഭൂമിയിലേക്ക് കൊണ്ട് വന്ന വ്യക്തിയുടെ സഹായികളായിത്തീർന്നവരാണ്.

മുഹമ്മദീ ദീനിനെ ലോകത്തിന്റെ കോണുകളോളം അതിന്റെ യഥാർത്ഥ അവസ്ഥയിൽ നിലനാട്ടുവാൻ പ്രതിജ്ഞയെടുത്ത മഹാനുമായി തങ്ങളെ ബന്ധിപ്പിക്കുന്നവരാണ്. അദ്ദേഹത്തിന്റെ ജമാഅത്ത് ഈ പ്രതിജ്ഞയെ പൂർത്തിയാക്കേണ്ടവരാണ്. اِنْ شَآءَ اللّٰهُ ഈ മുഹമ്മദീ ദീനിനെ മുഹമ്മദീ മസീഹ് മുഖേന ലോകമെമ്പാടും എത്തിക്കുവാനുള്ള ഉത്തരവാദിത്തം അല്ലാഹു സ്വയം ഏറ്റെടുത്തുവെന്നത് നമ്മുടെ എത്രമാത്രം സൗഭാഗ്യതയാണ്. എന്നിട്ട് നമ്മോട് പറഞ്ഞത് നിങ്ങളും ഈ ഇലാഹീ തഖ്ദീറിന്റെ ഭാഗമായിത്തീരുക. അല്ലാഹു പറഞ്ഞു. ***ഞാൻ നിന്റെ സന്ദേശത്തെ ഭൂമിയുടെ കോണുകളോളം എത്തിക്കുന്നതാണ്.*** നിങ്ങളും ഇതിൽ ഭാഗവാക്കായികൊണ്ട് പ്രതിഫലത്തിനർഹരായിത്തീരുക.

എത്തരത്തിലാണ് നാം ഈ ദൈവിക തഖ്ദീറിന്റെ ഭാഗമായിത്തീരുക? തങ്ങളെ അല്ലാഹുവിന് വേണ്ടി ഋജുമാനസനാക്കിത്തീർത്ത്കൊണ്ട്, തങ്ങളുടെ ഉള്ളിൽ നിന്ന് എല്ലാവിധത്തിലുള്ള തിന്മകളെയും വിപാടനം ചെയ്ത്കൊണ്ട്, തങ്ങളുടെ വാക്കും പ്രവർത്തിയും ഒന്നാക്കിത്തീർത്തുകൊണ്ട്,.അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കുന്ന രീതിയിൽ ഉള്ളിൽ വിപ്ലവാത്മകമായ മാറ്റം ഉളവാക്കിയെടുക്കുക. അപ്പോൾ ഈ ആയത്തിൽ ശ്രദ്ധ ക്ഷണിക്കുന്നത്പോലെ ഇക്കാര്യങ്ങൾ നമ്മുടെ ഉള്ളിൽ ഉണ്ടെങ്കിൽ നാം ഇതിന്റെ പ്രചാരകരായിത്തീരുകയാണെങ്കിൽ ഇത് എല്ലാ പരിശുദ്ധ പ്രകൃതക്കാരുടെ ശ്രദ്ധയെയും തങ്ങളിലേക്ക് ആകർഷിക്കുന്നവരായിത്തീരും. വെറും മതപരമായ കാര്യങ്ങൾ മുൻനിറുത്തിയുള്ള തബ്ലീഗ് തന്നെ ആകണമെന്നില്ല. ഈ അല്ലാഹു പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒരു ഭൗതികനെ പോലും നമ്മിലേക്ക് ആകർഷിക്കുവാൻ പോരുന്നവയാണ്. ഏത് മതവിശ്വാസിയാണെങ്കിലും അയാൾ ധാർമ്മിക ഗുണങ്ങളെ പരിഗണിക്കുന്ന ആളാണ്, അയാളുടെ ഉള്ളിൽ നല്ല സ്വഭാവങ്ങളെ ആഗ്രഹിക്കുന്ന പ്രകൃതമുണ്ടെങ്കിൽ- നല്ല കാര്യങ്ങളെ ആഗ്രഹിക്കുന്നുവെങ്കിൽ- എന്നല്ല മതത്തെ അംഗീകരിക്കാത്തവരും നിരീശ്വരവാദികളും സദ്ഗുണങ്ങളെ സദ്ഗുണങ്ങളായി അംഗീകരിക്കും. നല്ല കാര്യങ്ങളെ നല്ലതായും മോശമായതിനെ മോശമായും ഗണിക്കുന്നതായിരിക്കും. ചുരുക്കത്തിൽ അല്ലാഹു പറഞ്ഞു. നിങ്ങളുടെ ഈ ഉത്തരവാദിത്തത്തെ മനസ്സിലാക്കുക. ലോകത്തിന് പ്രയോജനകരമായിത്തീരുന്നതിന് അല്ലാഹുവിന്റെ തൃപ്തി കരഗതമാക്കുന്നതിന് നന്മയെ ഉപദേശിക്കുക. തിന്മയിൽ നിന്നും തടയുക. സൃഷ്ടികളുടെ അവകാശപൂർത്തീകരണത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുക. സൃഷ്ടികളുടെ അവകാശങ്ങൾ ധ്വംസിക്കുന്നവരിലേക്ക് ചായാതെ അത്തരക്കാരെ ബോധവത്കരിക്കുക. അവരെ അതിൽ നിന്നും തടയുക. എന്നാൽ ഞാനാദ്യം പറഞ്ഞത്പോലെ ഇതെല്ലാം ചെയ്യുവാൻ ആരംഭിക്കുന്നതിന് മുമ്പായി ആത്മ പരിശോധന നടത്തുക. നമ്മുടെ ആന്തരിക വ്യവസ്ഥിതിയെ നാം അനുഗുണമാക്കുമ്പോഴായിരിക്കും നമ്മുടെ വാക്കുകളിൽ പ്രഭാവമുണ്ടാകുക. നമ്മുടെ ആന്തരിക വ്യവസ്ഥിതിയെ ശരിയാക്കുവാനായി, നാം എപ്പോഴും തന്നെ എന്റെ എല്ലാ പ്രവർത്തനങ്ങളുടെയും സംസാരത്തിന്റെയും മുകളിൽ അല്ലാഹുവിന്റെ ദൃഷ്ടിയുണ്ട് എന്ന അവബോധമുണ്ടാക്കിയെടുക്കുക. എന്റെ എല്ലാ പ്രവർത്തനങ്ങളെയും അവൻ വീക്ഷിച്ചുകൊണ്ടിരിക്കുന്നു.

ഞാൻ ഈ ലോകർക്ക് ഐഹിക സ്വഭാവഗുണങ്ങൾ ആദ്യം പഠിപ്പിച്ചുകൊണ്ട് അവർക്ക് നൻമതിൻമകളുടെ രീതി പറഞ്ഞുകൊടുക്കേണ്ടതുണ്ട്. നന്മയെ ഉപദേശിക്കേണ്ടതുണ്ട്. തിന്മയുടെ അവബോധം വളർത്തിയെടുത്ത് അവരെ അതിൽ നിന്നും തടയേണ്ടതുണ്ട്. എന്നാൽ അതിനായി ആദ്യം ഞാൻ എന്നെതന്നെ അല്ലാഹുവിന്റെ ഈ നിർദ്ദേശത്തിന്റെ കീഴിൽ കൊണ്ട്വരേണ്ടതുണ്ട്. അതായത് ഈ ഉപദേശം നൽകുന്നവർ അല്ലാഹുവിൽ വിശ്വസിക്കുന്നവരാണ്. അല്ലാഹുവിലുള്ള യഥാർത്ഥ വിശ്വാസമായിത്തീരുന്നത് അവന്റെ തൃപ്തി, അവന്റെ സ്നേഹം മറ്റെല്ലാ തൃപ്തിയെക്കാളും മറ്റെല്ലാ സ്നേഹത്തേക്കാളുമുപരിയായിത്തീരണം. وَالَّذِيْنَ اٰمَنُوْٓا اَشَدُّ حُبًّا لِّلّٰهِ എന്നല്ലാഹു പറഞ്ഞത് പോലെ മുഅ്മിനീങ്ങൾ എല്ലാത്തിനുപരി അല്ലാഹുവിനെ സ്നേഹിക്കുന്നവരായിരിക്കും. മനുഷ്യന് ഏതൊന്നിനോടാണോ കൂടുതൽ സ്നേഹമുണ്ടാകുക അതിനെ അവൻ പ്രത്യേകം പരിഗണിക്കുന്നു. അപ്പോൾ ഈമാന്റെ വാദമുണ്ടെങ്കിൽ, അല്ലാഹുവിനോടുള്ള സ്നേഹം തന്നെയായിരിക്കണം ഏറ്റവും പ്രാമുഖ്യമേറിയത്. അപ്പോൾ അല്ലാഹുവിനോട് സ്നേഹമുണ്ടെങ്കിൽ പിന്നെ അവന്റെ നിർദ്ദേശങ്ങൾ അനുസരിക്കുക എന്നതും പ്രത്യേകം ശ്രദ്ധയുള്ളതായിത്തീരും. അപ്പോൾ ഇത്തരത്തിൽ നമ്മെ പരിശോധിക്കുമ്പോൾ, ഉത്തമ സമുദായം ആകുക എന്നത് കേവലം പ്രഖ്യാപനം മാത്രമല്ല. ഇത് മുഖേന മാത്രം നമ്മുടെ ഉദ്ദേശ്യം പൂർത്തീകരിക്കപ്പെടുന്നില്ല. മറിച്ച് അവനോടുള്ള സ്നേഹാധിരേകത്താൽ ചുവട് മുന്നോട്ട് വെക്കുമ്പോഴായിരിക്കും. നാം ഉത്തമ സമുദായമായി വിലയിരുത്തപ്പെടുക എന്ന് മനസ്സിലാകുന്നതായിരിക്കും. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുവാൻ നന്മയെ ഉപദേശിക്കുന്നവരായിത്തീരേണ്ടതുണ്ട്. മറ്റുള്ളവരെ തിന്മയിൽ നിന്നും തടയേണ്ടതുണ്ട്. അപ്പോഴായിരിക്കും നാം ഖൈറെ ഉമ്മത്ത് ആയിത്തീരുക. അപ്പോൾ അതിനായി ചുവട് വെക്കുമ്പോൾ ഒരു യഥാർത്ഥ മുഅ്മിൻ ആദ്യമായി നോക്കുന്നത്, ഞാനുപദേശിക്കുവാൻ പോകുന്ന ഈ നന്മ എന്നിലുണ്ടോ. ഏതൊന്നിൽ നിന്നുമാണ് ഞാൻ വിലക്കുവാൻ പോകുന്നത്. അത് എന്നിൽ ഉള്ളതാണോ. അപ്പോൾ അവൻ ചിന്തിക്കും. ഒരു ഭാഗത്ത് എന്റെ ഈമാൻ കാരണമായി അല്ലാഹുവിനോട് സ്നേഹമുണ്ടെന്ന വാദമെനിക്കുണ്ട്. അപ്പോൾ സാധാരണ ഗതിയിൽ ആരോടാണ് സ്നേഹമുള്ളത്. ആ സ്നേഹഭാജനത്തിന്റെ മുമ്പാകെ മനുഷ്യൻ പൊതുവായി തന്റെ എല്ലാ അവസ്ഥകളും പ്രകടമാക്കാറുണ്ട്. എന്നാൽ അല്ലാഹു എത്തരത്തിലുള്ള പ്രേമഭാജനമാണ്. അവൻ പരോക്ഷമായതും പ്രത്യക്ഷമായതും അറിയുന്നവനാണ്. അവനോട് പറയേണ്ട ആവശ്യം വരുന്നില്ല. അവൻ പ്രകടമായതും ഗുപ്തമായതുമെല്ലാം അറിയുന്നു. അപ്പോൾ അല്ലാഹു പറയും ഒരു ഭാഗത്ത് നീ ഈമാന്റെ വാദമുന്നയിക്കുന്നു. സ്നേഹത്തിന്റെ വാദമുന്നയിക്കുന്നു. മറുഭാഗത്ത് നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ മനസ്സിലാക്കുന്ന ഞാൻ അതിൽ കളങ്കമാണ് കാണുന്നത്. കണ്ടുകൊണ്ടിരിക്കുന്നത്. നിങ്ങൾ പറയുന്നത് പ്രവർത്തിക്കുന്നില്ല. അപ്പോൾ ഈ ആന്തരിക വ്യവസ്ഥിതി ഒരു യഥാർത്ഥ മുഅ്മിന് അവന്റെ ആന്തരിക സംരക്ഷണത്തിനുള്ള സംവിധാനമാണ്. അല്ലാഹു അവനെ കണ്ട്കൊണ്ടിരിക്കുന്നു. അല്ലാഹു عٰلِمُ الْغَيْبِ وَالشَّهَادَةِ ആണ് എന്ന കാര്യത്തിൽ അവന് ദൃഢജ്ഞാനമുണ്ടെങ്കിൽ ഇത് അവനെ സദ്പാതയിൽ കൊണ്ടുവരുന്നതാണ്. അപ്പോൾ നമ്മുടെ ആരുടെയെങ്കിലും ഈ സ്വയസംരക്ഷണ സംവിധാനം പ്രവർത്തനസജ്ജമല്ല എങ്കിൽ അവർ ചിന്താകുലരാകേണ്ടതാണ്. നമ്മുടെ ഈമാന് ഉണ്ടായിരിക്കേണ്ട ആ നിലവാരത്തിലല്ല തങ്ങളുള്ളത്. എല്ലാ തിന്മകളും എല്ലാ സാമൂഹിക അപചയങ്ങളും നമ്മെ കണ്ണാടിയെന്നോണം പ്രതിഫലിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ ഒരു വികാരം ഹൃദയത്തിലുണ്ടാകുമ്പോഴാണ് ഈ കണ്ണാടി കാണുവാൻ സാധിക്കുക. എന്നാൽ ഈ ചിന്ത ഉണ്ടാകുന്നില്ല, അവനോടുള്ള സ്നേഹത്തിന് പ്രാമുഖ്യമില്ലായെങ്കിൽ, സമൂഹത്തിന്റെ, ഭൗതികതയുടെ അതിപ്രസരത്തിൽ പെട്ട്പോകുന്നുണ്ടെങ്കിൽ പിന്നീട് നൻമ തിന്മകളുടെ മാനദണ്ഡം മാറിമറിയുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (عليه السلام) ഉം ഖുലഫാക്കളും ഇസ്ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ വിവിധ സന്ദർഭങ്ങളിലായി നമ്മിൽ നിലനാട്ടിയ ചില രീതികളുണ്ട് ജമാഅത്തിൽ. ചില കാര്യങ്ങൾ നമ്മിൽ പ്രവേശിക്കാതിരിക്കാൻ ചിലപ്പോൾ കാഠിന്യവും ഉണ്ടാകാറുണ്ട്. ഇത് മഅ്റൂഫായ കാര്യങ്ങളിൽ പ്രവർത്തിക്കുക എന്നത് ഒരു യഥാർത്ഥ വിശ്വാസിയുടെ ജീവതലക്ഷ്യമായത് കൊണ്ടാണ്. നന്മകൾക്കനുസൃതമായി പ്രവർത്തിക്കുക എന്നത് അനിവാര്യമായതിനാലാണ്. ഇതില്ലാതെ അവന് നൻമയെക്കുറിച്ച്

ഉപദേശിക്കുവാനോ, തിന്മയിൽ നിന്ന് തടയുവാനോ കഴിയുകയില്ല. അപ്പോൾ നാം നമ്മിൽ ഒരു പരിശുദ്ധ മാറ്റം ഉണ്ടാക്കിയെടുക്കുവാനായി ഈ കാലത്തിലെ ഇമാമുമായി ബന്ധപ്പെട്ടുവെങ്കിൽ, ഉത്തമസമുദായമാകാൻ പരിശ്രമിക്കുമെങ്കിൽ. ഈ ഐഹികഭ്രമം വിട്ടൊഴിയേണ്ടതുണ്ട്.

നന്മകളുടെ സ്വയംകൃത മാനദണ്ഢമുണ്ടാക്കാൻ പാടുള്ളതല്ല. **നന്മകളുടെ മാനദണ്ഢമെന്നത് ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇക്കാലഘട്ടത്തിൽ അല്ലാഹുവിൽ നിന്ന് ഹിദായത്ത് പ്രാപിച്ച ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നമ്മെ പഠിപ്പിച്ചത് തന്നെയായിരിക്കണം.** ഇത് അവിടന്ന് ജമാഅത്ത് ജമാഅത്തിൽ രൂഢമൂലമാക്കുവാൻ പരിശ്രമിക്കുകയുണ്ടായി. അതിനായി ഉപദേശിക്കുകയുണ്ടായി. **എല്ലാ അഹ്മദികളും മനസ്സിലാക്കിയിരിക്കേണ്ട വളരെ സുപ്രധാനമായ ഒരു വസ്തുതയാണിത്.**

കഴിഞ്ഞ ദിവസം ഒരു ജമാഅത്തിൽ ജമാഅത്തീരീതികൾക്ക് വിരുദ്ധമായി ഒരു വിവാഹത്തിൽ ചില പ്രവർത്തനങ്ങളുണ്ടായി. അതിനാൽ അവർക്കെതിരിൽ ഞാൻ ശിക്ഷാ നടപടികൾ സ്വീകരിച്ചു. ഇതിൽ ചിലർ അത്ര ദീനീ അവഗാഹമുള്ളവരായിരുന്നില്ല. നമ്മുടെ രീതികളെക്കുറിച്ച് അറിവുള്ളവരല്ലായിരുന്നു. ഇതൊരു ഒഴികഴിവൊന്നുമല്ല. എല്ലാ അഹ്മദികളും തങ്ങളുടെ യഥാർത്ഥ ഈമാൻ പ്രകടിപ്പിക്കുന്നവരായിരിക്കണം. അത് പ്രാപിക്കാൻ പരിശ്രമിക്കുന്നവരുമാകണം. എന്നാൽ അവരിൽ ചിലർ നല്ല ദീനീ പരിജ്ഞാനമുള്ളവരായിരുന്നു. ജമാഅത്തിന് സേവനം ചെയ്യുന്നവരുമാണ്. ജമാഅത്തീരീതികളും അധ്യാപനങ്ങളും അറിയുന്നവരുമാണ്. അവരും ഈ വിവാഹത്തിൽ പങ്കെടുത്ത്കൊണ്ട് ബലഹീനത, ദൗർബല്യം പ്രകടിപ്പിച്ചു. തിന്മയെ തടഞ്ഞില്ല എന്ന് മാത്രമല്ല അവിടെ നടന്ന നിർത്ഥകമായ കാര്യങ്ങളെല്ലാം കണ്ട്കൊണ്ടിരുന്നു. **തൻഹൗന അനിൽ മുൻകർ** എന്നതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് പകരമായി ആ തിന്മയുടെ ഭാഗമായിത്തീർന്നു. എന്നിട്ട് പിന്നീടെനിക്ക് എഴുതിയത് ഞങ്ങൾ അവരുടെ ഇസ്‌ലാഹിന് (പരിഷ്കരണത്തിന്) വേണ്ടി പങ്കെടുത്തു എന്നേയുള്ളു. ഇത് വല്ലാത്ത പരിഷ്കരണം തന്നെയാണ്! അവരെ തിന്മയിൽ നിന്ന് തടയുകയോ നൻമക്കായി ഉപദേശിക്കുകയോ ചെയ്യുന്നില്ല. ഇനി എന്തെങ്കിലും നൻമയെക്കുറിച്ച് പറഞ്ഞുവെങ്കിൽ തന്നെ മറ്റിതര വിഷയങ്ങളിൽ. ഇത് അതിശയകരമായ ഇസ്‌ലാഹാണ്! തിൻമകൾ കണ്ടിട്ട് അതിൽ പങ്കാളികളാകുന്നു എന്നിട്ട് പറയുന്നത് നൻമയെ ഉപദേശിച്ചുവെന്ന്. എന്തെങ്കിലും ഉപദേശം യഥാർത്ഥത്തിൽ നൽകിയിട്ടുണ്ടോ ആവോ. ഇനി ചെയ്തിട്ടുണ്ടെങ്കിൽ തന്നെ ആ തിൻമയെ തടയുന്നതിന് വേണ്ടിയല്ല ചെയ്തിട്ടുള്ളത്. മറ്റെന്തെങ്കിലും നൻമയെ ഉപദേശിച്ചിട്ടുണ്ടാകും. ഇത് എപ്രകാരമെന്നാൽ ഒരു കള്ളൻ മോഷ്ടിക്കുന്നതായി കാണുന്നു. അയാളെ തടയുന്നതിന് പകരമായി, ആർക്കെങ്കിലും നഷ്ടം വന്നുഭവിക്കാതിരിക്കുവാൻ ശ്രമിക്കുന്നതിന് പകരമായി ഈ മോഷണത്തിനായി അയാളെ സഹായിക്കുന്നു. എന്നിട്ട് പിന്നീട് അയാളോട് പറയുകയാണ് സത്യം പറയുക എന്നത് വളരെ നല്ല കാര്യമാണ്. സത്യം പറയുക നിസ്സംശയം നല്ല കാര്യം തന്നെയാണ്. എന്നാൽ ആ സന്ദർഭത്തിൽ നൻമ എന്നത്, നല്ല കാര്യത്തെ ഉപദേശിക്കുക എന്നത് അയാളെ മോഷണത്തിൽ നിന്നു തടയുക എന്നതായിരുന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിൽ വിശ്വസിക്കുന്നുവെങ്കിൽ ഒരഹ്മദി സമൂഹത്തെ ഭയപ്പെടുന്നവനാകരുത്. മറിച്ച് ദീനിന് മുൻഗണന നൽകുന്നവനായിത്തീരേണ്ടതുണ്ട്. അദ്ദേഹം തന്റെ മക്കൾക്കായും തന്നെ അനുധാവനം ചെയ്യുന്നവർക്കായും വേണ്ടി ദുആ ചെയ്തത് ദജ്ജാലിന്റെ പ്രഭാവം അവരിലുണ്ടാകരുതെന്നാണ്. അപ്പോൾ പടിഞ്ഞാറ് വസിക്കുന്നവർ ഈ ദജ്ജാലീ പ്രഭാവത്തിൽ വരുകയാണെങ്കിൽ പിന്നെന്താണ് അവശേഷിക്കുക. ഈ സംഭവത്തിൽ ഞാൻ പറഞ്ഞത്പോലെ ഒരുപാട് ആളുകൾ അകപ്പെട്ടിരിക്കുന്നു. എന്നോട് പറയപ്പെട്ടത് ധാരാളം ആളുകൾ ഇതിൽപെട്ടിരിക്കുന്നതിനാൽ ജമാഅത്തിൽ അസ്വസ്ഥത രൂപം കൊള്ളുമെന്നാണ്. ഞാനവർക്ക് നൽകിയ മറുപടി. ശിക്ഷ തീർച്ചയായും നൽകുകതന്നെ ചെയ്യുന്നതാണ്. ജമാഅത്തിൽ അസ്വസ്ഥത രൂപം കൊള്ളും, ജമാഅത്ത് ഭിന്നിക്കും, കുറച്ചാളുകൾ കൊഴിഞ്ഞുപോകും. എങ്കിൽ തീർച്ചയായും പൊയ്കൊള്ളട്ടെ. ഒരു കുഴപ്പവുമില്ല. ഏതൊരു ശിക്ഷണമാണ് നമുക്ക് മസീഹ് മൗഊദ് عليه السلام നൽകിയത്. ഏതൊന്നാണൊ ഇസ്‌ലാം നമ്മെ പഠിപ്പിക്കുന്നത് അത് നടപ്പിൽ വരിക തന്നെ ചെയ്യണം. അതായത് തിൻമകളിൽ നിന്നും വ്യർത്ഥ കാര്യങ്ങളിൽ നിന്നും രക്ഷപ്പെടുക.

വാക്കിന്റെയും പ്രവർത്തിയുടെയും ഈ വൈരുദ്ധ്യം ഇതിനെ അല്ലാഹുവും അവന്റെ റസൂലും അനിഷ്ടകരമാക്കിയിരിക്കുന്നു. ഞാൻ ഇതിന് മുമ്പായി പലപ്രാവശ്യം പറഞ്ഞ് കഴിഞ്ഞിട്ടുണ്ട്. മുൻകഴിഞ്ഞ ഖുലഫാക്കളും പറഞ്ഞിരിക്കുന്നു. ഇത്തരത്തിലുള്ള കാര്യങ്ങൾ അത് ഏതെങ്കിലും അഹ്മദി ഭവനത്തിലാണ് നടക്കുന്നതെങ്കിൽ അതിൽ നിന്നും എഴുന്നേറ്റ് പോരേണ്ടതാണ്. അതല്ലായെങ്കിൽ ഇത് ഭീരുത്വമാണ്. ഇത് തിന്മയെ പ്രോത്സാഹിപ്പിക്കുന്നതിന് സമമായിരിക്കും. ഈ പ്രവർത്തി, സമൂഹത്തോടുള്ള സ്നേഹം അല്ലാഹുവിനോടുള്ള സ്നേഹത്തെ അതിജയിക്കുന്നതായിരിക്കും. *അല്ലാഹു എല്ലാ ഓരോ അഹ്മദിക്കും ഇത് മനസ്സിലാക്കുവാനുള്ള തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.*

ഇനി ഞാൻ തിരുനബി صلى الله عليه وسلم യുടെ ഒരു ഹദീസ് കേൾപ്പിക്കുവാൻ ആഗ്രഹിക്കുകയാണ്. ഇതിൽ നിന്നും ഒരു മുഅ്മിന്റെത് എന്ത് നിലവാരമായിരിക്കണം എന്ന് മനസ്സിലാകുന്നതാണ്. ഇത് വായിക്കുമ്പോൾ ഭയം നിമിത്തം രോമകൂപങ്ങൾ എഴുന്ന് നിൽക്കുന്നു. നബി صلى الله عليه وسلم അരുൾ ചെയ്യുന്നു. അബ്ദുല്ലാബിൻ അംറ് رضي الله عنه ൽ നിന്നും നിവേദനം. നാല് സ്വഭാവങ്ങൾ ആരിലെങ്കിലുമുണ്ടെങ്കിൽ അയാൾ തികഞ്ഞ മുനാഫിഖാണ്. ഇനി ആരിലെങ്കിലും ഇതിൽ ഏതെങ്കിലുമൊന്ന് ഉണ്ടെങ്കിൽ അയാളിൽ മുനാഫിഖിന്റെ ഒരു സ്വഭാവമാണ് ഉണ്ടാകുക. ഏത് വരെ അയാൾഅതുപേക്ഷിക്കുന്നില്ലയോ, ഒന്നാമത്തേത് അയാളുടെ അടുത്ത് അമാനത്ത് വെച്ചാൽ അതിൽ വിശ്വാസ വഞ്ചന കാണിക്കുന്നു. രണ്ടാമത്തേത് സംസാരിക്കുമ്പോൾ കളവായിരിക്കും പറയുക. മൂന്നാമത്തേത് വാഗ്ദാനം ചെയ്താൽ വാഗ്ദാനലംഘനം നടത്തുന്നു. നാലാമത്തേത് വഴക്കിട്ടാൽ അസഭ്യം പുലമ്പുന്നു. സയ്യിദ് വലിയുല്ലാഹ് ശാഹ് സാഹിബ്. ഇദ്ദേഹം ജമാഅത്തിൽ സഹീഹ് ബുഖാരിക്ക് തർത്തീബ് കൊടുക്കുകയുണ്ടായി. അതിൽ അദ്ദേഹം ശറഹും എഴുതുകയുണ്ടായി. അതിന്റെ ശറഹിൽ അദ്ദേഹം എഴുതുന്നു. ഈമാന്റെ ചർച്ചയിൽ നിഫാഖിനെ കൊണ്ട് വന്നതിന്റെ ഉദ്ദേശ്യം കുഫ്റ്, ശിർക്ക് അത്പോലെ എല്ലാവിധത്തിലുമുള്ള ക്രമരാഹിത്യവും അനൗചിത്യവും പരാമർശിക്കുന്നത്പോലെ തന്നെയായതിനാലാണ്.

അതായത് നിഫാഖും ഈമാനെ ദുർബലപ്പെടുത്തുന്ന ഒന്നാണ്. എഴുതുന്നു. എത്തരത്തിൽ ഒരു വ്യക്തിയിൽ ഈ അടയാളത്തിൽ നിന്നും ഒരടയാളം ഉണ്ടാകുന്നുവെങ്കിൽ അതിനനുസൃതമായി അയാളിൽ കപടത കൂടുതലും ഈമാൻ കുറവുമായിത്തീർന്ന്കൊണ്ടിരിക്കും. നിഫാഖിന്റെ അർത്ഥം എന്നത് ആന്തരികവും ബാഹ്യവും വ്യത്യസ്ഥമാകുക എന്നതാണ്. അതായത് ഹൃദയത്തിൽ ഒന്നുണ്ടാവുക. വെളിയിൽ മറ്റൊന്ന് പ്രകടിപ്പിക്കുക. അതല്ലെങ്കിൽ യാഥാർത്ഥ്യത്തിന് വിരുദ്ധമായി നിലകൊള്ളുക. അതായത് യാഥാർത്ഥ്യം ഒന്നും പറയുന്നത് മറ്റൊന്നുമായിരിക്കുക. തിരുനബി صلى الله عليه وسلم അരുൾ ചെയ്തിട്ടുള്ള നിഫാഖിന്റെ ഈ അടയാളങ്ങൾ അത് ഇതിന്റെ ശരിയായ വിശദീകരണമാണ്.

കളവിൽ മനുഷ്യന്റെ സംസാരം, വാഗ്ദാനലംഘനത്തിൽ അവന്റെ പ്രവർത്തി, വിശ്വാസ വഞ്ചനയിൽ അവന്റെ നിയ്യത്ത്, ഇതെല്ലാം തന്നെ യാഥാർത്ഥ്യത്തിൽ നിന്നും വ്യതിരിക്തമായതായിരിക്കും. വാഗ്ദത്തലംഘനം, അസഭ്യം പുലമ്പുക എന്നതും യാഥാർത്ഥ്യത്തിനെതിരായതാണ്. ചുരുക്കത്തിൽ ഇത് നിഫാഖിന്റെ പ്രകടമായ ഉദാഹരണങ്ങളാണ്. ഹൃദ

യത്തിൽ ഈമാനില്ലാതിരിക്കുക, നാവിൽ ഉണ്ടായിരിക്കുക. ഇതും വൈരുദ്ധ്യമാണ്. ഈമാൻ ഉണ്ട് എന്നാൽ പ്രഖ്യാപിക്കുന്നില്ല എങ്കിൽ ഇതും നിജസ്ഥിതിക്ക് എതിരായതാണ്. ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ മസീഹ് മൗഊദ് عليه السلام നെ മഹാത്മാവായി ഗണിക്കുന്നു എന്നെല്ലാം ചിലർ പറയാറുണ്ട്. എന്നാൽ ലോകത്തിന് മുമ്പാകെ ഇത് പ്രകടിപ്പിക്കാൻ അവർക്ക് കഴിയാറില്ല. അപ്പോൾ ഇതും നിഫാഖാണ്. അതല്ലെങ്കിൽ ഈമാനുണ്ട് എന്നാൽ പ്രവർത്തി അതിനെ സാക്ഷ്യപ്പെടുത്തുന്നതല്ല. വിശ്വസിക്കുന്നു എന്നാൽ പ്രവർത്തികൾ ആ അധ്യാപനങ്ങൾക്കെതിരാണ്. എങ്കിൽ അതും നിഫാഖാണ്. ചുരുക്കത്തിൽ ഇത്തരം കാര്യങ്ങളെല്ലാം കപടതയാണ്. ഈ അർത്ഥങ്ങളാണ് നിഫാഖിന്റേത്. ഈ ഹദീസിൽ റസൂൽ ﷺ വിശദമാക്കിയിരിക്കുന്ന കാര്യങ്ങൾ ഇക്കാലഘട്ടത്തിൽ വളരെ കൂടുതലായി നമുക്ക് കാണുവാൻ കഴിയുന്നു. സമൂഹത്തിന്റെ പ്രഭാവം കാരണമായി നമ്മിൽ ചിലരും തീർച്ചയായും ഇതിൽ അകപ്പെട്ടിരിക്കുന്നു. അകപ്പെട്ട്കൊണ്ടിരിക്കുന്നു. തിരുനബി ﷺ യുടെ വാക്കുകളുടെ അടിസ്ഥാനത്തിൽ ഇതിൽ ഏതെങ്കിലുമൊന്ന് ഉണ്ടായിരിക്കുക എന്നത് ഹൃദയത്തിന്റെ ഒരു ഭാഗത്തെ നിഫാഖിൽ അകപ്പെടുത്തുക എന്നുള്ളതാണ്. ഒരു പക്ഷെ ഇതിലേക്ക് വെളിച്ചംവീശിക്കൊണ്ടായിരിക്കണം ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരു ഭാഗത്ത് പറയുകയുണ്ടായത്.

"നബിതിരുമേനി ﷺ യുടെ കാലഘട്ടത്തിലുണ്ടായിരുന്ന മുനാഫിഖീങ്ങൾ ഇക്കാലഘട്ടത്തിലുണ്ടായിരുന്നുവെങ്കിൽ അവർ വലിയ ഭക്തരും മുഅ്മിനീങ്ങളുമായി ഗണിക്കപ്പെടുമായിരുന്നു. കാരണം തിന്മ വ്യാപരിക്കുമ്പോൾ അൽപം നന്മയും കാര്യമാത്രപ്രസക്തമായിത്തീരുന്നു. മുനാഫിഖീങ്ങൾ എന്ന് പറയപ്പെട്ടവർ വലിയ വലിയ സഹാബാക്കളുടെ മുമ്പാകെയുള്ള മുനാഫിഖീങ്ങളായിരുന്നു." അപ്പോൾ നാം ഓർത്തിരിക്കേണ്ടത് മസീഹ് മൗഊദ് عليه السلام നെ അംഗീകരിച്ചതിന് ശേഷം നമ്മുടെ നിലവാരം ഉയരേണ്ടതുണ്ട്. സാധാരണ മുസ്ലിംങ്ങളിൽ നിന്ന്, ബലഹീന വിശ്വാസികൾ, അല്ലെങ്കിൽ ചില കാര്യങ്ങളിൽ ബലഹീനത പ്രകടമാക്കുന്നവർ അല്ല നമുക്കുള്ള മാതൃകകൾ. മറിച്ച് ഉന്നതനിലവാരം പ്രാപിച്ചിരുന്ന സഹാബാക്കളാണ് നമുക്കുള്ള മാതൃക. ഇവർക്ക് അല്ലാഹു സ്വർഗ്ഗത്തിന്റെ, തന്റെ പ്രീതിയുടെ സുവാർത്ത നൽകുകയുണ്ടായി. അപ്പോൾ അല്ലാഹുവിനും അവന്റെ തിരുദൂതർ ﷺ ക്കും പ്രിയങ്കരമായ മാർഗ്ഗമാണ് നാം അവലംബിക്കേണ്ടത്. നമ്മുടെ വിശ്വസ്തതയുടെ നിലവാരം ഉന്നതമായിരിക്കേണ്ടതുണ്ട്.

സാമൂഹിക അമാനത്താകട്ടെ, ജമാഅത്തീ അമാനത്താകട്ടെ, വ്യക്തിഗത അമാനത്താകട്ടെ. ഇതിന്റെയെല്ലാം ഹഖ് നാം പൂർത്തീകരിക്കേണ്ടതുണ്ട്. നാം ഗവൺമെന്റ് ജോലിക്കാരനാണെങ്കിൽ സഹപ്രവർത്തകർ ഏത്നിലവാരം പ്രകടിപ്പിച്ചാലും നമ്മുടേത് തികച്ചും വ്യതിരിക്തമായ മാതൃകയായിത്തീരേണ്ടതാണ്. സ്വകാര്യ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന അഹ്മദിയാണെങ്കിലും ഒരഹ്മദിയുടെ മാതൃക നിലനാട്ടേണ്ടതുണ്ട്. അഹ്മദിയുടെ അമാനത്തിന്റെ നിലവാരം മറ്റുള്ളവരെ അപേക്ഷിച്ച് മികച്ചതാണെന്ന് നാം അഭിമാനപൂർവ്വം പറയാറുണ്ട്. എന്നാൽ മികച്ചതാകുക അഭിമാനത്തിന് കാരണമാകുന്നില്ല. മറിച്ച് അഭിമാനമാകുന്നത് അത് അതിന്റെ ഉന്നത നിലവാരത്തിലെത്തിക്കുമ്പോഴാണ്. മൂന്നാം ലോകരാഷ്ട്രങ്ങൾ, ഇവിടുത്തെ പുരോഗതി ഇല്ലാത്തതിന് സമമാണ്. ചില രാഷ്ട്രങ്ങളാകട്ടെ പിന്നോട്ടടിച്ചുകൊണ്ടിരിക്കുന്നു. അതിനുള്ള കാരണം അവിടെ സർവ്വമേഖലകളിലും വിശ്വസ്തത തുടച്ച് നീക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഉദാഹരണത്തിന് പാകിസ്താൻ തങ്ങൾ മുസ്ലിം രാഷ്ട്രമാണെന്ന് ഊറ്റം കൊള്ളാറുണ്ട്. എന്നാൽ പുതിയ കണക്കുകളുടെ അടിസ്ഥാനത്തിൽ അഴിമതിരാഷ്ട്രങ്ങളുടെ ഗണത്തിൽ അതിന്റെ നിലവാരം ആദ്യത്തേക്കാൾ ഉയർന്നിരിക്കുന്നു. ഇത്പോലെതന്നെ മറ്റ് ചില മുസ്ലിം രാഷ്ട്രങ്ങൾ, അല്ലെങ്കിൽ ചില രാജ്യങ്ങളിലെ മേധാവിത്വമുള്ള മുസ്ലിംങ്ങൾ വിശ്വാസവഞ്ചനയിൽ ഇവർ മുൻകടന്നിരിക്കുന്നു. എന്നല്ല മുന്നോട്ട് ഗമിച്ചുകൊണ്ടിരിക്കുന്നു. വെറും മുസ്ലിംകൾ ആകുന്നത്കൊണ്ട് മാത്രം ഉത്തമസമുദായം ആയിത്തീരുമോ? ഇസ്ലാമീ നിയമങ്ങൾ നിലനാട്ടുന്നു എന്ന് പ്രഖ്യാപിക്കുന്നത്കൊണ്ട്മാത്രം ഉത്തമസമുദായമായിത്തീരുമോ? ഒന്നോ രണ്ടോ തിന്മകളുടെ പ്രശ്നമല്ല. മറിച്ച് എല്ലാ തിൻമകളിലും ഇവർ അകപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും മുഅ്മിനാണ്. എന്നാൽ യഥാർത്ഥ മുഅ്മിൻ ഇവരുടെ ദൃഷ്ടിയിൽ കാഫിറും. ഇത്തരത്തിലെ ഇന്നത്തെ ഈ നാമമാത്ര മുഅ്മിനീങ്ങളെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام പറയുന്നു."ഹദ്റത്ത് മുഹമ്മദ് മുസ്തഫാ ﷺ യുടെ കാലഘട്ടത്തിലെ മുനാഫിഖീങ്ങൾ ഇവരെക്കാൾ മെച്ചപ്പെട്ടവരായിരുന്നു."അമാനത്തിന്റെ നിലവാരം സ്ഥാപിക്കുവാൻ, അമാനത്തിനെ സംരക്ഷിക്കുവാൻ അമീൻ തിരുദൂതർ ﷺ തങ്ങൾ തന്നെയാണ്. അപ്പോൾ ഒരഹ്മദിക്കാണ് ഇന്ന് ഇത് നിലനാട്ടുവാൻ കഴിയുകയുള്ളൂ. ഈ ഖൈറെ ഉമ്മത്തിൽ ഗണിക്കപ്പെടാൻ ഹഖ് പൂർത്തീകരിക്കേണ്ടതാണ്. ഹഖ് പൂർത്തീകരിക്കപ്പെടുന്നത് ഈ അപചയത്തിൽ അകപ്പെട്ട സമൂഹത്തിൽ തങ്ങളുടെ മാതൃക നിലനാട്ടുമ്പോഴാണ്. സമൂഹത്തെ ഉപദേശിച്ചുകൊണ്ട്. അപ്പോൾ ലോകത്തിന് തൗഹീദിന്റെ സന്ദേശമെത്തിക്കുവാനായി ഏതൊരു അമാനത്തുമായാണ് റസൂലുല്ലാഹി ﷺ ആഗതനായത്, അതായത് ഹുഖൂകുല്ലാഹ്, ഹുഖൂകുൽ ഇബാദിന്റെ പൂർത്തീകരണം. അപ്പോൾ ഈ അമാനത്താണ് ഇന്ന് ഒരഹ്മദിയെ ഏൽപ്പിച്ചിരിക്കുന്നത്. ഇന്ന് ഒരഹ്മദിയാണ് ഏറ്റവും കൂടുതൽ ഈ അമാനത്തിന്റെ സൂക്ഷിപ്പുകാരനാകേണ്ടത്. ഇതിനായി പ്രഥമമായി തങ്ങളുടെ നഫ്സിന്റെ സംസ്കരണം മുഖേന ഈ അമാനത്തിന്റെ പൂർത്തീകരണത്തിനായി പരിശ്രമിക്കേണ്ടതാണ്. സൃഷ്ടാവിനോടും സൃഷ്ടികളോടുമുള്ള കടപ്പാടുകൾ പൂർത്തികരിക്കുമ്പോഴാണ് ആ അമാനത്ത് നിലനാട്ടുന്നവരായി നാം തീരുകയുള്ളൂ. നമ്മുടെ മക്കളുടെ ശിക്ഷണം നിർവ്വഹിച്ചുകൊണ്ടാണ് അതിന്റെ ഹഖ് പൂർത്തീകരിക്കപ്പെടുക. അങ്ങിനെ ഈ അമാനത്ത് പൂർത്തീകരിക്കപ്പെടണം എന്ന ആത്മാവ് അടുത്ത തലമുറകളിലും രൂഢമൂലമാകുന്നതിന് വേണ്ടി.

നബി തിരുമേനി ﷺ മുനാഫിഖിന്റെ മറ്റൊരടയാളം പറഞ്ഞത് അവൻ കള്ളം പറയുന്നു. എന്ത് സംസാരിച്ചാലും അതിൽ കളവ് കലർന്നിരിക്കും. കളവ് പറയുന്നവർക്ക് എത്രവലിയ മുന്നറിയിപ്പാണ്. വാക്കും പ്രവർത്തിയും തമ്മിലുള്ള വൈരുദ്ധ്യം ഇതിൽ കാണാൻ കഴിയും. ഈ വൈരുദ്ധ്യം തന്നെയാണ് കപടത. ഒരു ഭാഗത്ത് അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന വാദം മറുഭാഗത്ത് കളവ്. അഥവാ ദൈവത്തിന്റെ സ്ഥാനത്ത് കളവിനെ പ്രതിഷ്ഠിച്ചിരിക്കുന്നു. അതിനാൽ തന്നെയാണ് അല്ലാഹു കളവിനെയും ബിംബാരാധനയേയും ചേർത്ത് പറഞ്ഞിരിക്കുന്നത്, ഇത് രണ്ടും ഒരാളിൽ ഉണ്ടായാൽ അതല്ലെങ്കിൽ കളവ്മാത്രം പറയുന്നവനാണെങ്കിൽ അവൻ മുശ്രിക്കാണ്. അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ വാദത്തോടൊപ്പം കളവുമുണ്ടെങ്കിൽ എല്ലാവർക്കും അറിയാം ഇത് തികച്ചും തെറ്റായ പ്രസ്താവനയാണ്. അപ്പോൾ അല്ലാഹുവിലുള്ള വിശ്വാസം ബലഹീനമാകുമ്പോൾ അയാൾ ശിർക്കിന്റെ കൂടുതൽ സമീപസ്ഥമായിത്തീരുന്നു. വായകൊണ്ട് താൻ മുഅ്മിനാണെന്ന വാദമുണ്ടെങ്കിലും പ്രവർത്തനം അതിനെ നിരാകരിക്കുകയാണ് ചെയ്യുന്നത്. ഇന്ന് ഭൂരിഭാഗം മുസ്ലിംങ്ങളും സത്യത്തിന്റെയും അസത്യത്തിന്റെയും ഈ വിത്യാസത്തെ വിസ്മരിച്ചിരിക്കുന്നു എന്നുള്ളത് എത്രമാത്രം കഷ്ടതരമായ സംഗതിയാണ്. അപ്പോൾ ഇന്ന് അഹ്മദികൾ ഇതിനെതിരിൽ ജിഹാദ് ചെയ്തില്ല, തങ്ങളുടെ നഫ്സിനെയും ചുറ്റുപാടിനെയും ഇതിൽ നിന്ന് സംശുദ്ധമാക്കുവാനുള്ള പരിശ്രമം നടത്തിയില്ലായെങ്കിൽ ഹൃദയത്തിൽ ഒരു കറ പതിക്കുന്നതിന് കാരണമായിത്തീരുന്നതാണ്. ഇതിന് മസീഹ് മൗഊദ് عليه السلام മുമായോ ജമാഅത്തുമായോ യാതൊരു ബന്ധവുമില്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇസ്ലാഹിന് വേണ്ടിയാണ് ആഗതനായത്. ശരീഅത്ത് നിലനാട്ടുവാനാണ് ആഗ

തനായത്. അല്ലാഹുവിന്റെ നിറം സന്നിവേശിപ്പിക്കാനാണ് വന്നത്. തന്റെ യജമാനനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫ ﷺ യെ പൂർണ്ണമായും അനുധാവനം ചെയ്തുകൊണ്ട് അങ്ങയുടെ അനുസാരിയായാണ് ആഗതനായത്. അദ്ദേഹത്തെ അംഗീകരിക്കുന്നു എന്ന് വാദിക്കുന്ന നമ്മിലും കളവ് സ്ഥാനം പിടിക്കുകയാണെങ്കിൽ എപ്രകാരമാണ് ശരീഅത്ത് നിലനാട്ടപ്പെടുക. നാം പ്രഖ്യാപിക്കുന്ന വാദങ്ങൾ അതെത്തരത്തിലാണ് പൂർത്തീകരിക്കപ്പെടുക. അതിനാൽ നമ്മിലോരോരുത്തരും കൂടുതൽ ആത്മപരിശോധന നടത്തേണ്ടതിന്റെ ആവശ്യകതയുണ്ട്. മറ്റുള്ളവരിലേക്ക് ദൃഷ്ടി പതിപ്പിക്കുന്നതിന് പകരമായി ഓരോരുത്തരും തങ്ങളെതന്നെ വിലയിരുത്തുക.

മൂന്നാമത്തെ അടയാളം റസൂലുല്ലാഹി ﷺ മുനാഫിഖിന്റേതായി പറഞ്ഞത്. വാഗ്ദാനം ചെയ്ത്, കരാർ ഉണ്ടാക്കി പിന്നെ അതിനെ ലംഘിക്കുന്നു. അതിനെ പൂർത്തീകരിക്കുന്നില്ല ഇതാണ് ഇന്ന് ലോകത്ത് നടമാടിക്കൊണ്ടിരിക്കുന്നത്. കച്ചവടത്തിൽ കരാർപാലനം നടക്കുന്നില്ല. ദിനേനയുള്ള പ്രവർത്തനങ്ങളിൽ ഇത് വ്യാപകമായിരിക്കുന്നു.സമൂഹങ്ങളെ അത് എത്രമാത്രം ഗ്രസിച്ചിരിക്കുന്നുവെന്നാൽ അത് സങ്കൽപ്പത്തിന്നുമധീതമാണ്. വ്യാപാര കരാറുകളിൽ സങ്കൽപ്പിക്കാൻ പോലുമാകാത്ത വിശ്വാസവഞ്ചനയും വാഗ്ദത്ത ലംഘനവും നടക്കുന്നു. ഒരു വ്യാപാരി തന്നെ എന്നോട് പറഞ്ഞത്.പാകിസ്ഥാനിൽ നിന്ന് ഇതരരാജ്യങ്ങളിലേക്ക് നല്ല ബസ്മതി അരി കയറ്റുമതി ചെയ്യുന്നുണ്ട് ഇതിൽ ബസ്മതിയെപ്പോലുള്ള ഒരു തരം അരി മിക്സ് ചെയ്ത് കയറ്റി അയക്കുന്നു. അത് മറ്റുള്ളവർക്ക് തിരിച്ചറിയാൻ കഴിയുകയില്ല. ഇത് തിരിച്ചറിയപ്പെടുകയാണെങ്കിൽ അവരുടെ വ്യാപാരത്തെ അത് സാരമായി ബാധിക്കും. സർവോപരി രാജ്യത്തിന്തന്നെ അത് അപമാനമായിത്തീരും എന്നതൊന്നും അവർക്ക് പ്രശ്നമല്ല. അപ്പോൾ ഇത്തരത്തലുള്ള ധാരാളം കാര്യങ്ങൾ ചെയ്ത്കൊണ്ടിരിക്കുന്നു. ഇത് വെറും കരാർ ലംഘനം മാത്രമല്ല മറിച്ച് വിശ്വാസവഞ്ചനയാണ്, കളവാണ്. നിസ്സാരനാണയത്തുട്ടുകൾക്ക് വേണ്ടി ഈ കരാർ ലംഘനം നടന്നുകൊണ്ടിരിക്കുന്നു. ഏതൊരു പ്രവാചകനോട് തങ്ങളെ ചേർത്ത് പറയുന്നത്. അവിടന്ന് എന്താണ് നിങ്ങളിൽ നിന്നും പ്രതീക്ഷിക്കുന്നത്. വ്യാപാരത്തിലെന്നല്ല സർവ്വമേഖലകളിലും തിരുദൂതർ എന്ത് മാതൃകയാണ് നിലനാട്ടിയത്. യുദ്ധഉടമ്പടികളും സാധാരണ കരാറുകളും എത്ര സൂക്ഷമതയോട്കൂടിയാണ് പൂർത്തീകരിച്ചത്. ലോകത്ത് ഒരു ഉടമ്പടികളിലും അതിന് സമാനമായ ഉദാഹരണങ്ങൾ ദർശിക്കാൻ കഴിയുകയില്ല. ഉദാഹരണത്തിന് ഹുദൈബിയാ സന്ധിയുടെ സന്ദർഭത്തിൽ ഉടമ്പടി എഴുതപ്പെടുമ്പോൾ, നിബന്ധനകൾ രൂപം കൊള്ളുകയായിരുന്നു.മക്കയിൽ നിന്നുള്ള ഒരു സഹാബിയെ അവിടുന്ന് തിരിച്ചയച്ചു. നിഷേധികളുടെ ആവശ്യം അംഗീകരിച്ച്കൊണ്ട്- ഈ നിബന്ധനകൾ എഴുതപ്പെട്ടിട്ടില്ലല്ലോ അതിനാൽ തിരിച്ചയക്കാൻ സാധ്യമല്ല. എന്ന് നബിﷺ പറഞ്ഞില്ല. വാക്കാൽ ഉടമ്പടിയായിക്കഴിഞ്ഞിരുന്നു. എഴുതുവാൻ തുടങ്ങുകയായിരുന്നു. പറഞ്ഞു. ശരിയാണ് നിങ്ങൾ തിരിച്ചുപോകുക. അദ്ദേഹം തിരിച്ചുപോയാൽ അദ്ദേഹത്തിന്റെ ജീവൻ തന്നെ അപകടത്തിലാകുമെന്ന് അങ്ങേക്കറിയാമായിരുന്നു. ഇതായിരുന്നു നബി ﷺ യുടെ നിലവാരം. അപ്പോൾ ഇന്ന് തിരുനബി ﷺ യുടെ സത്യസന്ധനായ പ്രേമിയുടെ ദാസൻമാരും ഈ നിലവാരം കരഗതമാക്കുവാൻ പരിശ്രമിക്കേണ്ടതുണ്ട്. തിരുനബി ﷺ ബസാറിൽ കൂടി കടന്നുപോകുമ്പോൾ ഗോതമ്പിന്റെയോ മറ്റ് ധാന്യത്തിന്റെയോ ഒരു ചാക്കിൽ കൈയിടുന്നു. കയ്യിൽ ഈർപ്പം തട്ടുമ്പോൾ പറഞ്ഞു. ഇത് വഞ്ചനയാണ്. ഒരു മുസ്ലിമിന് ഇത് അനുഗുണമല്ല. ഇത്തരത്തിലുള്ള നിലവാരം പ്രാപിക്കുന്നവനാണ് നാം പരിശ്രമിക്കേണ്ടത്. അപ്പോഴായിരിക്കും അല്ലാഹുവിൽ പൂർണ്ണവിശ്വാസം പുലർത്തിക്കൊണ്ട് നാം യഥാർത്ഥത്തിൽ ഉപദേശിക്കുന്നവരായിത്തീരുകയുള്ളൂ.

മറ്റൊന്ന് മുനാഫിഖിന്റെ അടയാളമായിപ്പറഞ്ഞത് തർക്കമുണ്ടാകുമ്പോൾ അസഭ്യം പുലമ്പാൻ തുടങ്ങുന്നു എന്നതാണ്. ഇത് ഇന്ന് നാം നമ്മുടെ എതിരാളികളിൽ കണ്ടുവരുന്നു. ഇതെത്രമാത്രമുണ്ട് എന്ന് ജമാഅത്തിനെതിരിലുള്ള എല്ലാ ടി.വി. ചാനലുകളും വെബ്സൈറ്റുകളും സ്വയം പ്രകടമാക്കിക്കൊണ്ടിരിക്കുന്നു. ഇക്കാര്യത്തിൽ നിന്നും അകന്ന് നിൽക്കുക എന്നതും ഒരഹ്മദിയുടെ കർത്തവ്യമാണ്. ഈ അടയാളത്തിന്റെ പ്രകടനമാണ് എതിരാളികളിൽ നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇത് അവരുടെ മാത്രം ഭാഗമാണ്. ഒരഹ്മദി എപ്പോഴും തന്നെ ഇതിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. കാഠിന്യത്തിനുള്ള മറുപടിയായി ഒരിക്കലും തന്നെ സഭ്യേതര സംസാരം നിങ്ങളിൽ നിന്നുണ്ടാകരുത്. നമ്മുടെ യജമാനനായ മുഹമ്മദ് മുസ്തഫ ﷺ നിലനാട്ടിയ ആ മാതൃകയാണ് എപ്പോഴും നാം മുന്നിൽ വെക്കേണ്ടത്. പിന്നീട് അങ്ങയുടെ ദാസൻ, സത്യസന്ധനായ പ്രേമി, ഇക്കാലഘട്ടത്തിലെ ഇമാം നമ്മുടെ മുമ്പാകെ പ്രകടിപ്പിച്ച ആ മാതൃകകൾ. അദ്ദേഹത്തിന്റെ മുഖത്ത് നോക്കി എതിരാളികൾ ഇത്തരത്തിൽ സംസാരിച്ചുപോന്നു. എന്നാൽ അവിടന്ന് അത്തരത്തിൽ പ്രതികരിച്ചില്ല. മറിച്ച് എപ്പോഴുംതന്നെ അതിനെ അവഗണിച്ചുപോന്നു. നബി ﷺ رَحْمَةً لِّلْعٰلَمِيْنَ ആയിരുന്നു. അങ്ങയിൽ നിന്നും എല്ലാവർക്കും എപ്പോഴും കാരുണ്യം തന്നെയാണ് പ്രാപ്യമായിരുന്നത്. *അല്ലാഹു എല്ലാ അഹ്മദികളെയും ഈമാനെ നശിപ്പിക്കുന്ന ഈ രോഗങ്ങളിൽ നിന്നും സുരക്ഷിതരാക്കിവെക്കുമാറാകട്ടെ.* ഇത് സമൂഹത്തിന്റെ സമാധാനം കെടുത്തുന്നവയാണ്. നാം എപ്പോഴും **തഅ്മുറൂനബിൽ മഅ്റൂഫി വതൻഹൗന അനിൽ മുൻകർ** എന്നതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരായിത്തീരട്ടെ. ഇന്ന് ദൗർഭാഗ്യവശാൽ ബഹുഭൂരിഭാഗം മുസ്ലിംകളുടെയും ഈ രോഗങ്ങൾ കാരണമായി ഇസ്ലാമിന്റെ നാമം കളങ്കിതമായിക്കൊണ്ടിരിക്കുന്നു. ഈ കളവ്, വിശ്വാസവഞ്ചന, കരാറുകളെ പാലിക്കാതിരിക്കുക എന്നതെല്ലാം രാജ്യത്തിന്റെ സമാധാനം നശിപ്പിച്ചിരിക്കുന്നു. മിക്ക ഇസ്ലാമിക രാഷ്ട്രങ്ങളിലും ഭരണകൂടവും പൊതുജനങ്ങളും തമ്മിൽ അസ്വാരസ്യങ്ങൾ ഉടലെടുത്തിരിക്കുന്നത് ഇതേ നിഫാഖിന്റെ കാരണത്താലാണ്. ഇത് റസൂലുല്ലാഹി ﷺ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ഇസ്ലാമിക രാഷ്ട്രങ്ങളിൽ രൂപംകൊണ്ടിരിക്കുന്ന ഈ സ്ഥിതിവിശേഷം കാരണമായി മറ്റുള്ളവർക്ക് ആക്ഷേപത്തിനുള്ള അവസരം കൈവന്നിരിക്കുന്നു. ഇസ്റാഈലിലെ പത്രത്തിൽ ഒരു യഹൂദി കോളമെഴുതിയിരിക്കുന്നു. ''ഇസ്ലാമിന്റെ അധ്യാപനം ശാന്തിയിലൂന്നിയതേയല്ല. ഈ മുസ്ലിംകളുടെ പ്രവർത്തനങ്ങളിൽ നിന്നും അത് വ്യക്തമാകുന്നുമുണ്ട്. അതായത് ഇസ്ലാമിക അധ്യാപനം ഇതിനെതിരാണ് എന്ന്. സമാധാനത്തിന്റെ അധ്യാപനം എവിടെയെങ്കിലുമുണ്ടെങ്കിൽ അത് ക്രിസ്തുമതത്തിലാണ്, അത്പോലെ യഹൂദമതത്തിലാണ്. ഇസ്ലാമിൽ എവിടെയെങ്കിലും ശാന്തി സമാധാനത്തിന്റെ ദൃശ്യം കാണാൻ കഴിയുന്നുണ്ടെങ്കിൽ അതൊരു ചെറിയ ന്യൂനപക്ഷത്തിൽ മാത്രമാണ്. അവരാണ് ഇതേക്കുറിച്ച് പറയുന്നത്.'' അപ്പോൾ ഇത് എത്രമാത്രം ദുഃഖകരമായ സംഗതിയാണ്. ഏതൊരു കൂട്ടരുടെ അധ്യാപനം തന്നെ കാഠിന്യത്തിൽ അധിഷ്ടിതമാണ്. അവർ മുസ്ലിംകളുടെ ഈ ചെയ്തികൾ കാരണമായി ഇസ്ലാമിന്റെ മേൽ ആക്ഷേപമുന്നയിക്കുവാൻ ധൃഷ്ടരാകുന്നു.

ഈ ശാന്തി സമാധാനകാംക്ഷികൾ എന്ന് വിശേഷിപ്പിക്കപ്പെട്ടവർ നാമാണ്. അല്ലെങ്കിൽ അത്തരത്തിലുള്ള ഒരു ന്യൂനപക്ഷം ഉണ്ട് എന്നതിൽ നാം അഹ്മദികൾ സന്തോഷമുള്ളവരല്ല. ഒരു ചെറിയ വിഭാഗം ശാന്തി സമാധാനത്തെക്കുറിച്ച് പറയുന്നു എന്ന അംഗീകാരത്തിൽ നാം സന്തോഷമുള്ളവരായിത്തീരുന്നില്ല. നാം സന്തുഷ്ടരാകുന്നത് മുസ്ലിംങ്ങളിലെ വലിയ വിഭാഗത്തെക്കുറിച്ച് ഇവർ ഇസ്ലാമിന്റെ അധ്യാപനങ്ങൾ കാരണമായി സ്നേഹത്തിന്റെ ശാന്തി സമാധാനത്തിന്റെ സന്ദേശവാഹകരാണ് എന്ന് അന്യർ ഏറ്റ് പറയുമ്പോഴാണ്. ഇസ്ലാമിന്റെ മേൽ നിന്ദാവഹമായ ആക്ഷേപമാണ് ഇവർ ഉന്നയിച്ചിരിക്കുന്നത്. ഉന്നയിച്ചുകൊണ്ടിരിക്കുന്നത്.

ഉന്നയിച്ചുകൊണ്ടേയിരിക്കുന്നു. മുസ്‌ലിംകൾക്ക് ഇത് സംബന്ധമായി യാതൊരു ചിന്തയുമില്ല. നമ്മെ സംബന്ധിച്ചിടത്തോളം ഇത് വളരെ പ്രയാസം ജനിപ്പിക്കുന്ന സംഗതിയാണ്. തിരുദൂതർ ﷺയുടെ അദ്ധ്യാപനം സ്നേഹം, സമാധാനം, ശാന്തി എന്നതാണെന്ന് ലോകർഏറ്റ് പറയുമ്പോഴാണ് ഞാൻ പറഞ്ഞത് പോലെ അഹ്മദികൾ സന്തുഷ്ടരാകുക. ഈ മനോഹര അദ്ധ്യാപനങ്ങൾ തന്നെയാണ്. ഇതുമുഖേനയല്ലാതെ ലോകത്ത് ശാന്തി സംജാതമാവുകയില്ല. ഇന്ന് മുസ്‌ലിം ഉമ്മത്തിന് ബുദ്ധി പ്രദാനം ചെയ്യുവാനായി അല്ലാഹുവിനോട് ദുആ ചെയ്യുക എന്നതും നമ്മുടെ കർത്തവ്യമാണ്. യഥാർത്ഥ രൂപത്തിൽ ഉത്തമസമുദായം ആയിത്തീരുന്നതിന് പരിശ്രമിക്കുന്നവരായിത്തീരേണ്ടതാണ്. യഥാർത്ഥരൂപത്തിൽ നാം നമ്മുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നവരായിത്തീരുവാൻ.

കഴിഞ്ഞ ഖുത്തുബയിൽ ഒരു ഉദ്ധരണി കേൾപ്പിച്ചിരുന്നു. അതിനെക്കുറിച്ച് വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നു. അത് അബൂലഹബിനെക്കുറിച്ചുള്ളതായിരുന്നു. അതായത് അയാളുടെ തിരുദൂതർ ﷺയോടുള്ള പെരുമാറ്റം കാരണമായി ചെന്നായ്ക്കൾ ആക്രമിച്ചു എന്ന്. ഇതിൽ അബദ്ധമുണ്ട് അത് ഇന്ന് തിരുത്തുവാൻ ഉദ്ദേശിക്കുന്നു. പൊതുവെ ഞാൻ ഖുർആനിലെയും തിരുവചനങ്ങളിലെയും മസീഹ് മൗഊദ്(അ)ന്റെയും ഉദ്ധരണികൾ പരിശോധിക്കാറുണ്ട് അല്ലെങ്കിൽ പരിശോധിപ്പിക്കാറുണ്ട്. എന്നാൽ ഇത് നമ്മുടെ ഒരു പണ്ഢിതൻ നമ്മുടെ ലിറ്ററേച്ചറിൽ എഴുതിയതാണ് ഞാൻ എടുത്തിരുന്നത്. ഇത് ശരിയായിരിക്കും എന്ന ധാരണയിൽ. ഏതായിരുന്നാലും ഇതിൽ അബദ്ധമുണ്ട്. ഈ അബദ്ധവും പ്രയോജനകരമായിരിക്കുകയാണ്. കാരണം ഇത് അബൂലഹബുമായല്ല മറിച്ച് അയാളുടെ പുത്രൻ ഉത്ബയുടെ നാശം സംബന്ധിച്ചുള്ളതാണ്. ഇതിന്റെ വിവരണം ഇതാണ്. റൂഹുൽ മആനിയിൽ ഒരു നിവേദനം ഇപ്രകാരം വന്നിരിക്കുന്നു. അബൂലഹബിന്റെ നാശത്തെക്കുറിച്ചുള്ള സൂറ ലഹബിലെ പ്രവചന പൂർത്തീകരണം ബദ്ർ യുദ്ധം കഴിഞ്ഞ് 7-ാം നാൾ സംഭവിച്ചു. പ്ലേഗ് പോലുള്ള ഒരു രോഗത്താൽ അയാൾ നാശമടഞ്ഞു. മൂന്ന് നാൾ ഇപ്രകാരം കിടന്നു. ദുർഗന്ധം വമിക്കുവാൻ തുടങ്ങി. നിന്ദ്യത ഭയന്ന് അയാളുടെ കുടുംബക്കാർ കുഴിഎടുത്ത് ഒരുവടികൊണ്ട് അതിലേക്ക് തള്ളിയിട്ടു. പിന്നീട് കല്ലെറിഞ്ഞ് ആ കുഴി നിറച്ചു. ഇതാണ് അല്ലാഹു അയാൾക്ക് നൽകിയ ശിക്ഷ. തബ്‌രിയുടെ മറ്റൊരു നിവേദനമുണ്ട്. പ്രത്യേക കുരുക്കൾ കാരണമായി അയാൾ നാശമടഞ്ഞു. മക്കൾ രണ്ടുപേരും രണ്ട്മൂന്ന് ദിവസത്തേക്ക് അയാളെ മറയടക്കിയില്ല. അവസാനം ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുവാൻ തുടങ്ങി. പിന്നീട് അയാളെ മറയടക്കി. ചുരുക്കത്തിൽ അയാളുടെ പര്യവസാനം വളരെ മോശമായി. അയാളുടെ മകൻ ഉത്ബയുടെയും പര്യവസാനം മോശമായിത്തീരുകയുണ്ടായി. അതാണ് ഞാൻ പറഞ്ഞത് ഈ അബദ്ധം കാരണമായി ഒന്നിന് പകരം രണ്ട് സംഭവങ്ങളുടെ നിവേദനം ലഭ്യമായിരിക്കുന്നു. അയാളുടെ നിക്കാഹ് നബി ﷺയുടെ പുത്രി ഉമ്മുകുൽസുവുമായിട്ടാണ് കഴിഞ്ഞിരുന്നത്. ഒരു നിവേദനത്തിൽ വരുന്നു അയാൾ ശാമിലേക്ക് യാത്രപോകുന്നതിന് മുമ്പായി നബി ﷺക്ക് പ്രയാസം ഉണ്ടാക്കുന്നതിനായി അങ്ങയുടെ സവിധത്തിലെത്തി. പറഞ്ഞു ഞാൻ സൂറ നജ്മിനെ നിരാകരിക്കുന്നു. പിന്നീട് വളരെ ധാർഷ്ട്യത്തോടെ അങ്ങയെ അപമാനിച്ച് തുപ്പിക്കൊണ്ട് ഉമ്മുകുൽസുവിന് തലാഖ് കൊടുത്തു. അപ്പോൾ നബി ﷺഅയാൾക്കെതിരിൽ ദുആ ചെയ്തു. അതെയാത്രയിൽ അയാൾ ചെന്നായ്ക്കൾക്ക് ഇരയായിത്തീർന്നു. ഈ നിവേദനങ്ങൾ വിവിധഭാഗങ്ങളിൽ ലഭ്യമാകുന്നുണ്ട്.

നമസ്കാരത്തിന്‌ശേഷം ഞാൻ ജനാസ നമസ്കരിപ്പിക്കുന്നതായിരിക്കും. മിയാൻ മുഹമ്മദ് സാഹിബ് മർഹൂം ലാഹോറിന്റെ മകൻ റഷീദ് അഹ്മദ് സാഹിബിന്റെതാണ്. 2010 ഒക്ടോബർ 18 ന് ഹൃദയാഘാതം മൂലം വഫാത്തായി 71 വയസ്സായിരുന്നു. إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ 2010 മെയ് 28 ന് ദാറുദ്ദിക്റിൽ ഇദ്ദേഹത്തിനും കാലിൽ വെടിയേറ്റിരുന്നു. ദുരന്തനിവാരണസംഘം അദ്ദേഹത്തെ ജില്ലാ ആശുപത്രിയിലാക്കി 1 ദിവസം ആശുപത്രിയിൽ കഴിഞ്ഞു. രക്തം ധാരാളം വാർന്ന്പോയ കാരണത്താൽ ക്ഷീണിതനായിരുന്നു. ഇതും ഹൃദയത്തിൽ പ്രഭാവമുണ്ടാകാൻ കാരണമായി. സെക്രട്ടറി രിശ്താനാത്ത, സെക്രട്ടറി ഇസ്‌ലാഹ് ഇർശാദ്, സയീം അൻസാറുല്ലാഹ്,എന്നിവയാണ് ജമാഅത്തീസേവനങ്ങൾ. വളരെ മുഖ്‌ലിസായ, തഹജ്ജുദ് കൃത്യമായി അനുഷ്ടിച്ചിരുന്ന ദാഈ ഇലല്ലാഹ് ആയ സേവകനായിരുന്നു. ഹോമിയോപതിയിലും പ്രത്യേക താൽപര്യമുണ്ടായിരുന്നു. സ്വന്തം ഭവനത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച്കൊണ്ട് ജനങ്ങൾക്ക് പ്രയോജനം എത്തിച്ചുകൊണ്ടിരുന്നു. ആയിരക്കണക്കിനാളുകൾ ഇത്തരത്തിൽ ഇദ്ദേഹത്തിൽ നിന്നും പ്രയോജനമുൾകൊണ്ടിരുന്നു. ഖിലാഫത്തിനോടും ആത്മാർത്ഥ കൂറായിരുന്നു. തന്റെ എല്ലാ വിജയങ്ങൾക്കും കാരണം ഖിലാഫത്തിന്റെ ദുആയാണെന്ന് പറയുമായിരുന്നു. 2010 മെയ് 28 സംഭവത്തിന് ശേഷം അദ്ദേഹം തന്റെ ഒരു കശ്ഫ് കേൾപ്പിക്കുകയുണ്ടായി. ഞാൻ ഒരു പറക്കും കട്ടിൽ കണ്ടു. ഇത് അന്തരീക്ഷത്തിൽ കറങ്ങികൊണ്ടിരിക്കുകയായിരുന്നു. അതിലെന്താണെന്ന് അറിയാനുള്ള ജിജ്ഞാസ എന്നിലുണ്ടായി. അതുടനെ എന്റെ മുമ്പാകെ മുകളിൽ ചരിയാൻ തുടങ്ങി. ഞാൻ കണ്ടത് അതിൽ നക്ഷത്രങ്ങൾ തത്തിക്കളിക്കുന്നതാണ്. കുറേനേരം അതെന്റെ മുമ്പിൽ നിന്നു. പിന്നീട് അത് ആകാശത്തിലേക്ക് പോയി. പറയുന്നു. ഇത് മെയ് 28 ന് ലാഹോറിലെ പള്ളിയിൽ ജീവൻ നൽകിക്കൊണ്ട് നിത്യജീവിതം കരഗതമാക്കിയ ശുഹദാക്കളാണെന്ന് എന്റെ ഹൃദയത്തിൽ ഇടപ്പെട്ടു. പറയുന്നു. പിന്നീട് എന്റെ ഖുത്തുബയിൽ ഇത് സംബന്ധമായി ഞാൻ പറഞ്ഞപ്പോൾ അദ്ദേഹത്തിന് അത് കൂടുതൽ സംതൃപ്തി പകരുന്നതായി. *അല്ലാഹു അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. സന്തപ്ത കുടുംബാംഗങ്ങൾക്ക് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ.*

**HADHRAT MIRZA MASROOR AHMAD**
KHALIFATUL MASIH - V
on 04 - 02 - 2011 at London

വിവർത്തനം
പി.കെ. മുഹമ്മദ് ശരീഫ് സാഹിബ്
മുബല്ലിഗ് എറണാകുളം, PHONE : 9946725303

Page Layout & Type Set: Majlis Khuddamul Ahmadiyya, Kozhikode Published by : Majlis Khuddamul Ahmadiyya, Kerala